# എന്റെ കേരളം



ഗവ . എച്ച് എസ്.എസ് കുലശേഖരപുരം

little KITEs

# എന്റെ കേരളം

ദൈവത്തിന്റെ സ്വന്തം നാട്

നമുക്ക് സ്നേഹിക്കാം .............

ചെമ്പക മൊട്ടിന്റെ ..............

മഴയുടെ ........മകരക്കാറ്റിന്റെ ...........

പുതുമണ്ണിന്റെ ...................

പാലപ്പൂവിന്റെ ...............

മണമുള്ള നമ്മുടെ കേരളത്തെ ..........

നമുക്ക് മറക്കാതിരിക്കാം .............

മലയാളത്തെ ...........

നന്മയെ ......സ്നേഹത്തെ .........

അമ്മയെ ....................

# ഉള്ളടക്കം

ആമുഖം ............................................................5

പിന്നണിയിൽ ..............................................7

കേരളപ്പിറവി ..............................................8

## ജില്ലകളിലൂടെ

തിരുവനന്തപുരം...........................................9

കൊല്ലം...........................................................12

ആലപ്പുഴ ........................................................14

ഇടുക്കി ........................................................16

പത്തനംതിട്ട ................................................18

കോട്ടയം .......................................................20

എറണാകുളം..................................................21

തൃശ്ശൂർ............................................................23

4 പാലക്കാട്.........................................................25

കോഴിക്കോട് .................................................28

മലപ്പുറം ........................................................29

കണ്ണൂർ..........................................................31

വയനാട്.........................................................32

കാസർഗോഡ്..................................................34

'അമ്മ '..........................................................36

നന്ദി .............................................................38

# ആമുഖം

കേരളത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കിവരുന്നലിറ്റിൽ കൈറ്റ്സ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ മാഗസിനാണ് എന്റെ കേരളം.പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ സങ്കേതങ്ങൾ ഈ മാഗസിനിൽ ഉപയോഗിച്ചിട്ടുണ്ട് .കേരളത്തിന്റെ ഭൂപ്രകൃതി ,ചരിത്രം വിനോദ സഞ്ചാര കേന്ദ്രങ്ങൾ ,ആരാധനാലയങ്ങൾ വിദ്യാഭാസ കേന്ദ്രങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ ഞങ്ങൾ ഇതിൽഉൾള്ളിച്ചിട്ടുമുണ്ട് .വിവര ശേഖരണത്തിന് സഹായിച്ച സോഷ്യൽ സയൻസ് ക്ലബ് അംഗങ്ങളെ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു

ലിറ്റിൽ കൈറ്റ്സ് 2019-21

LK-41082

നമ്മുടെ സ്കൂളിലെ ലിറ്റിൽകൈറ്റ്  ക്ലബ്
അംഗങ്ങൾ തയ്യാറാക്കിയ എന്റെ കേരളം എന്ന
ഡിജിറ്റൽ മാസികയ്ക്ക് എല്ലാ ആശംസകളും
നേരുന്നു. ലിറ്റിൽകൈറ്റ് കൂട്ടായ്മ സ്കൂളിലെ പഠന
പഠ്യേതര പ്രവർത്തനങ്ങളിൽ സജീവ
സാന്നിധ്യമാണ് .മേലിലും നമ്മുടെ സ്കൂളിലെ
പ്രവർത്തനങ്ങളിൽ ഈ കൂട്ടയ്മയുടെ സഹകരണം
പ്രതീക്ഷിയ്ക്കുന്നു

ഹെഡ് മാസ്റ്റർ

ഗവ .എച് എസ് എസ്

കുലശേഖരപുരം

# 7 പിന്നണിയിൽ



8

# കേരളപ്പിറവി

ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ചേർന്ന പയ്യന്നൂർ കോൺഗ്രസ് സമ്മേളനത്തിൽ സ്വാതന്ത്ര്യത്തിനു ശേഷം കേരളത്തെ ഒരു പ്രേത്യേക സംസ്ഥാനമായി പുനസംഘടിപ്പിക്കാൻ പ്രമേയം അവതരിപ്പിച്ചു .കെ കേളപ്പന്റെ അധ്യക്ഷതയിൽ ചേർന്ന ഐക്യ കേരളം കൺവൻഷനിലും സ്വതന്ത്രയത്തിനു ശേഷം ആലുവയിൽ ചേർന്ന സമ്മേളനത്തിലും ഐക്യകേരള പ്രമേയം പാസ്സാക്കി . ഇതേ തുടർന്ന് 1947 ജൂലൈ ഒന്നിന് തിരുവിതാംകൂറിനെയും കൊച്ചിയെയും സംയോജിപ്പിച്ചു തിരു –കൊച്ചി സംസ്ഥാനം രൂപികരിച്ചു .

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനരൂപീകരണത്തിനായി പ്രക്ഷോഫങ്ങൾ ശക്തമായതിനെ തുടർന്ന് കേന്ദ്ര ഗവണ്മെന്റ് ഫസൽ അലിയുടെ നേതൃത്വത്തിൽ സംസ്ഥാന പുനഃസംഘടന കമ്മീഷനെ നിയമിച്ചു .കമ്മീഷന്റെ ശുപാർശ പ്രകരം 1956 നവംബർ ഒന്നിന് കേരളം രൂപീകൃതമായി

# തിരുവനന്തപുരം



1949 ജൂലൈ ഒന്നിനാണ് തിരുവനന്തപുരം ജില്ലാ രൂപീകൃതമായത്. വിസ്തീർണം 2192 ചാ കി മി ആണ്.പ്രസിദ്ധ കടൽ തീര സുഖ വാസ കേന്ദ്രമായ കോവളം,നെയ്യാർഡാം ശ്രീ പദ്മനാഭസ്വാമി ക്ഷേത്രം,എന്നിവ ഈ ജില്ലയിലാണ്.കുമാരനാശാൻ ചട്ടമ്പി സ്വാമികൾ അയ്യൻകാളി ഇവരെല്ലാം ജനിച്ചത് ഇവിടെയാണ് സെക്രട്ടേറിയട്,കോസ്റ്റ ഗാർഡ് സ്റ്റേഷൻ ആദ്യത്തെ മെഡിക്കൽ കോളേജി എൻജിനീയറിംഗ് കോളേജ്.സെൻട്രൽ സ്റ്റേഡിയം യൂണിവേഴ്സിറ്റി സ്റ്റേഡിയം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം എന്നിവ ഇവിടെയാണ്.

പദ്മനാഭ സ്വാമി ക്ഷേത്രം

1836 ൽ സ്വാതിതിരുന്നാൽമഹാരാജാവാണ് നക്ഷത്ര ബംഗ്ലാവ് സ്ഥാപിച്ചത് .തിരമാലയിൽ നിന്നെ വൈദ്യുതി ഉല്പാദിപ്പിക്കുന് ഇന്ത്യലെ ആദ്യത്തെ സംരഭം വിഴിഞ്ഞതാണ്. 1829 ൽ സ്ഥാപിതമായ പബ്ലിക് ലൈബ്രറിയാണ് കേരളത്തിലെ ആദ്യത്തെ ലൈബ്രറി .




## അശാൻ സ്മാരകം

അശാൻ സ്മാരകം,മഹാകവി ഉള്ളൂർ സ്മാരകം എന്നിവ തിരുവനതപുരം ജില്ലയിലാണ് .ജനസംഖ്യയിൽ രണ്ടാം സ്ഥാനത്താണ് ഈ ജില്ല.തുമ്പ ഇക്വറ്റോറിയൽ റോക്കറ്റ് ലോഞ്ചിങ് സ്റ്റേഷൻ തിരുവന്തപുരത്താണ് .ഈ .എം എസ അക്കാദമി വിളപ്പിൽസാലയിലും ആദ്യത്തെ ഓപ്പൺ ജയിൽ കാട്ടാക്കടയിലും സ്ത്രീകൾക്ക് മാത്രമുള്ള ജയിൽ നെയ്യാറ്റിൻകരയിലും ബയോളജിക്കൽ പാർക്ക് അഗസ്ത്യർ കൂടത്തുമാണ് .ദൂരദര്ശന് കേന്ദ്രം ട്രോപ്പിക്കൽ ബൊട്ടാണിക്കൽ

11

ഗാർഡൻ മൃഗശാല,ലോക് അദാലത്, ബീമാപള്ളി ,വിമാനത്താവളം

എന്നിവ തിരുവനന്തപുരത്താണ  ബീമാപള്ളി



# കൊല്ലം

അറബിക്കടലിന്റെ  തീരത്തെ ഒരു പ്രമുഖതുറമുഖ നഗരമായിരുന്നു കൊല്ലം.ചൈനീസ് യാത്രികനായ ഐബിൻ ബത്തൂത്ത പതിനാലാം നൂറ്റാണ്ടിൽ തൻ സഞ്ചരിച്ച അഞ്ചു പ്രമുഖ തുറമുഖങ്ങളിൽ ഒന്നായാണ് കൊല്ലത്തെ കുറിച്ച പരാമർശിക്കുന്നത് .മാർക്കോ പോളോയും കൊല്ലം സന്ദർശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് .            പോർച്ചുഗീസുകാർ കൊല്ലത്ത് വാണിജ്യ കേന്ദ്രം സ്ഥാപിച്ച. പിന്നീട് ഡച്ചുകാരും ബ്രിട്ടീഷുകാര് എത്തി

ഇന്ത്യയിലെ ആദ്യത്തെ എക്കോ ടൂറിസ്റ്റു കേന്ദ്രമായ തെന്മല ഈ ജില്ലയിലാണ് .കഥകളിയുടെ ആദ്യ 12



13

രൂപമായ രാമനാട്ടത്തിന് രൂപം നലകിയത് കൊട്ടാരക്കര തമ്പുരാനാണ് .ചടയമംഗത്തുള്ള കൊട്ടുക്കൽ ഗുരു ക്ഷേത്രം ,ആര്യങ്കാവിനടുത്തുള്ള പാലരുവി വെള്ളച്ചാട്ടം, ജടായുപ്പാറ എന്നിവയാണ് സഞ്ചാരികളെ ആകർഷിക്കുന്ന മറ്റു സ്ഥലങ്ങൾ .കൊല്ലം –ആലപ്പുഴ ദേശീയ ജല പാതയും മുഖ്യ ആകർഷണമാണ് .

ഇല്മനൈറ്റ് .മോണോസൈറ്റ് .സിർക്കോൺ എന്നിവയുടെ ഭവനമാണ് ജില്ലയുടെ തീരാ പ്രദേശം .കളിമണ്ണ് ,ബോക്സൈറ്റ് ,ഗ്രാഫൈറ്റ് എന്നിവയും ലഭ്യമാണ്



തങ്കശ്ശേരി

# 14

# ആലപ്പുഴ

കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയാണ് ആലപ്പുഴ . 1957 ഓഗസ്റ് ഏഴിന് നിലവിൽ വന്നു. ബ്രിട്ടിഷ് ഭരണ കാലത്ത് ആലപ്പുഴയെ ആലപ്പി എന്നായിരുന്നു അറിയപ്പെട്ടിരുന്നത് .കിഴക്കിന്റെ വെനീസ് എന്ന വിശേഷണം ആലപ്പുഴയ്ക്ക് സ്വന്തം .വെനീസിലെ പോലെ തലങ്ങും വിലങ്ങും ഉള്ള തോ ടുകളാണ് ആലപ്പുഴക്കുള്ളത് .ബുദ്ധാമതം ആലപ്പുഴയിൽ പ്രബലമായിരുന്നു ആലപ്പുഴയിലെ പ്രദേശങ്ങളിൽ ഏറ്റവും പ്രദാനമാണ്



kuttanad.കേരളത്തിലെ നെൽകൃഷിയുടെ കേന്ദ്രമായ കുട്ടനാട് ഒരു ടൂറിസ്റ്റ കേന്ദ്രം കൂടിയാണ് .സമുദ്രനിരപ്പിനേക്കാൾ താഴ്ന്ന പ്രദേശമാണിത  ആലപ്പുഴ നെഹ്രുട്രോഫി വള്ളംകളി

ആലപ്പുഴയിലെ പ്രദേശങ്ങളിൽ ഏറ്റവും പ്രദാനമാണ് കുട്ടനാട് .കേരളത്തിലെ നെൽകൃഷിയുടെ കേന്ദ്രമായ കുട്ടനാട് ഒരു ടൂറിസ്റ്റു കേന്ദ്രം കൂടിയാണ് .സമുദ്രനിരപ്പിനേക്കാൾ താഴ്ന്ന പ്രദേശമാണിത്



കുട്ടനാട്

16

## പത്തനംതിട്ട



തെക്കൻ കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ജില്ലയാണ് പത്തനംതിട്ട .പത്തനംതിട്ട നിലവിൽ വന്നത് 1982 നവമ്പർ ഒന്നിനാണ് .ഏറ്റവും കുറച്ച റയിവേ ഉള്ള ജില്ല ജനസംഖ്യ വർധന നിരക്ക് ഏറ്റവും കുറഞ്ഞ ജില്ല കേരളത്തിൽ കടൽത്തീരമില്ലാത്ത ജില്ല ആരാധനാലയങ്ങളുടെ ജില്ല എന്നറിയപ്പെടുന്നു .ഇന്ത്യയിലെ ആദ്യത്തെ പോളിയോ വിമുക്ത ജില്ലാ .ഭാരത സർക്കാരിന്റെ ജോഗ്രഫിക്കൽ പേറ്റന്റ് ടാഗ് ലഭിച്ചത് ആറന്മുള കണ്ണാടിക്കാന് .ആരാധനാലയമായ ശബരിമല മാരാമൺ കൺവൻഷൻ എന്നിവ പത്തനംതിട്ടയിലാണ് .പടയണി എന്ന ഈ എന്ന ഈ ജില്ലയിലെ

ആറന്മുള കണ്ണാടി



16 അനുഷ്ട്ടാന കലാരൂപം പ്രസിദ്ധാമാണ് .



## പത്തനംതിട്ടയിലേ സാഹിത്യകാരന്മാർ

### കടമ്മനിട്ട രാമകൃഷ്ണൻ

കവിയരങ്ങുകളിലൂടെ കവിതയെ സാധാരണകാരിലേയ്ക്ക് കൊണ്ടുവന്ന ഇതേഹം 35 മാർച്ച് 17 ന് പത്തനംതിട്ട കടമ്മനിട്ടയിൽ ജനിച്ചു .1982 ൽ കടമ്മനിട്ടയുടടെ കവിതകൾക് കേരളസാഹിത്യ അക്കാദമി അവാർഡും ആശാൻ പ്രൈസും ലബിച്ചു .

### *അടൂർ ഗോപാലകൃഷ്ണൻ

മികച്ച സംവിധായകനുള്ള അവാർഡിന് ഏറ്റവും കൂടുതൽ അർഹനായ മലയാളിയാണ് അടൂർ ഗോപാലകൃഷ്ണൻ .1972 ലാണ് ആദ്യ അവാർഡ് നേടിയത് ചിത്രം ;സ്വയംവരം കേരളത്തിൽ സമാന്തര സിനിമയുടെ പിതാവ് എന്ന് അവകാശപ്പെടാവുന്ന ചലച്ചിത്രകാരണാണ് അടൂർ ഗോപാലകൃഷ്ണൻ

# 18

# കോട്ടയം

 മധ്യകേരളത്തിൽ സ്ഥിതി ചെയ്യുന്ന ഈ ജില്ലയുടെ കിഴക്ക് പശ്ചിമഘട്ടവും പടിഞ്ഞാരു വേമ്പനാട്ട് കായലും കുട്ടനാട്ടിലെ നെൽപ്പാടങ്ങളും അതിർത്തികളായി വരുന്നു .പറന്നു കിടക്കുന്ന കായൽ പാറപ്പുകളും സമൃദ്ധമായ നെൽപടങ്ങളും മലപ്രദേശങ്ങളും മേടുകളും കുന്നുകളും വ്യാപിച്ച റബ്ബർ  തോട്ടങ്ങളും ഉള്ള ഈ പ്രദേശം നിരവധി ഐതീഹ്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു .

റബ്ബർ ബോർഡിന്റെ ആസ്ഥാനവും കോട്ടയത്താണ് .അച്ചടി മാധ്യമത്തിന് കോട്ടയം നൽകുന്ന സംഭാവനകൾ  കോട്ടയത്തെ അക്ഷര നഗരി എന്നും വിളിക്കുന്നു .ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ സാക്ഷര നഗരം കോട്ടയമാണ് .തെക്കേ ഇന്ത്യയിലെ ഇഗ്ലീഷ് വിദ്യാഭ്യാസം കോട്ടയത്തെ പഴയ സെമിനാരിയിൽ നിന്നും  ആരംഭിച്ചു .കേരളത്തിലെ ആദ്യത്തെ



**അച്ചടി ശ്രീ ബഞ്ചമിൻ ബെയ്‌ലി സ്ഥാപിച്ചതാണ് .സംസ്ഥാനത്തെ ആദ്യത്തെ കോളേജും കോട്ടയത്താണ് ആരംഭിച്ചത്**



# എറണാകുളം



**1958 ഏപ്രിൽ 1 നാണു എറണാകുളം സ്ഥാപിതമായത് പ്രാചീന കാലത് ഋഷിനാഗകുളം എന്നാണ് എറണാകുളം അറിയപ്പെട്ടിരുന്നു .എറണാകുളത്തിന്റെ**

ആസ്ഥാനം കാക്കനാട് ആണ് .കേരളത്തിൽ ഏറ്റവും  കൂട്ടുതൽ വാഹന രെജിസ്ട്രേഷൻ നടക്കുന്നത് എറണാകുളത്താണ് കൂട്ടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ഉള്ളതളം എറണാകുളത്താണ് .ഏറ്റവും കൂട്ടുതൽ ദേശിയ പാതകൾ കടന്നു പോകുന്നത് എറണാകുളത് കൂടിയാണ്





കേരളത്തിലെ ഏക മേജർ തുറമുഖമാണ്  കൊച്ചി.കൊച്ചി തുറമുഖം രൂപപ്പെട്ടത് 1341 വെള്ളപ്പൊക്കത്തെ തുടർന്നാണ്.കൊച്ചി തുറമുഖത്തിന്റെ ശില്പിയാണ് റോബർട്ട് ബ്രിസ്റ്റോ.കൊച്ചി തുറമുഖത്തിന്റെ ആഴം കൂട്ടാനായി കുഴിച്ചെടുത്ത മണ്ണ് നിക്ഷേപിച്ച ദ്വീപാണ് വെല്ലിങ്ടൺ.വല്ലാര്പാടത്തേ എറണാകുളവുമായി ബന്ധിപ്പിക്കുന്ന പാലമാണ് ഗോശ്രീ പാലം.അറബിക്കടലിന്റെ റാണി

എന്ന കൊച്ചിയെ വിശേഷിപ്പിയ്ച്ചത് ഷണ് മുഖം ഷെട്ടിയാണ
മട്ടാഞ്ചേരി

# ഇടുക്കി

കേരളത്തിന്റെ മദ്യ ഭാഗത്തായി സ്ഥിതി ചെയ്യുന്ന ജില്ലയണ് ഇടുക്കി. ആസ്ഥാനം പൈനാവ് .തൊടുപുഴ ,കട്ടപ്പന ,അടിമാലി നെടുങ്കണ്ടം ഇടുക്കി എന്നിവയാണ് ജില്ലയിലെ മറ്റു പ്രധാന പട്ടണങ്ങൾ .



4358 ച.മിവിസ്തീർണമുള്ള ഇടുക്കി ജില്ലയാണ് കേരളത്തിലെ

ഏറ്റവും വലിയ രണ്ടാമത്തെ ജില്ല. ഇടുക്കി ജില്ലയുടെ അൻപത് ശതമാനത്തിലധികവും സംരക്ഷിത വനഭൂമിയാണ് തീവണ്ടി പാതയില്ലാത്ത ജില്ലകളിൽ ഒന്നാണ് .രാജ വാഴ്ച കാലത്ത് വേണാട് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു ഇടുക്കി

## ഇരവികുളം നാഷണൽ പാർക്ക്

ദേവികുളം ,തൊടുപുഴ ,ഉടുമ്പിൻചോല .പീരുമേട് ,ഇടുക്കി എന്നിവയാണ് ജില്ലയിലെ താലൂക്കുകൾ .തൊടുപുഴയും കട്ടപ്പനയുമാണ് മുനിസിപ്പാലിറ്റികൾ ഇടമലക്കുടി എന്ന കേരത്തിലെ പ്രഥമ ആദിവാസി പഞ്ചയായത്ത് ഈ ജില്ലയിലാണ് .കേരളത്തിലെ ആദ്യ ശിശു സൗഹൃദ ജില്ലയാണിത് ദേവികുളം താലൂക്കിലാണ് ഇരവികുളം നാഷണൽ പാർക്ക്.കാപ്പി ,തേയില റബ്ബർ ,കുരുമുളക് എന്നിവയാണ് കാർഷിക വിളകൾ.സുഗന്ധ വ്യഞ്ജനങ്ങളുടെ കലവറ എന്ന അറിയപ്പെടുന്നത് ഇടുക്കിയാണ്.ഏറ്റവും വലിയ ആനമുടി ഇടുക്കിയിലാണ് .കാറ്റിൽ നിന്ന് വൈദ്യുതി ഉണ്ടാക്കുന്ന രാമക്കല്മേട് ഇവിടെയാണ് .ചന്ദന തോട്ടം സ്ഥിതി ചെയ്യുന്നത് മറയൂരിലാണ്.



## നീലക്കുറിഞ്ഞി

# ത്രിശ്ശൂർ

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം .മധ്യകേരളത്തിൽ സ്ഥിതി ചെയ്യുന്ന ഈ ജില്ല 3032 കി .മി വിസ്തീർണം .ത്രിശ്ശൂർപൂരം



കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം .മധ്യകേരളത്തിൽ സ്ഥിതി ചെയ്യുന്ന ഈ ജില്ലക് 3032 കി .മി വിസ്തീർണം ഉണ്ട് .ജില്ലയിൽ ആകെ ഏഴ് താലൂക്കുകളും 17 block പഞ്ചായത്തുകളും 87 ഗ്രാമപഞ്ചായത്തുകളുമുണ്ട്.ത്രിശ്ശൂർപൂരം ,വെടിക്കെട്ട് പുലിക എന്നിവ പ്രശസ്തമാണ് .ഭാരതപ്പുഴ ,കരുവന്നൂർ പുഴ ചാലക്കുടി ഷോളയാർ എന്നിവയാണ് പ്രദാന നദികൾ .ജില്ലാ ഭരണ കൂടാ കേന്ദ്രം അയ്യന്തോളിൽ സ്ഥിതി ചെയ്യുന്ന .കേരളം കാർഷിക സർവകലാശാല മണ്ണുത്തിയാലാണ് നെല്ല് നാളികേരം റബ്ബേർ കുരു മുളക് തുടങ്ങി എല്ലാ വിളകളുംകൃഷി ചെയ്തുവരുന്നു ണ്ട്



അതിരപ്പള്ളി വെള്ളച്ചാട്ടം

## ഐതിഹ്യം

കേരളോല്പത്തിപോലെ തൃശ്ശൂരും പരശ്ശുരാമനോട് ബന്ധപെടുത്തി ഐതിഹ്യം പ്രചരിച്ചിരിക്കുന്നു . പരശ്ശുരാമൻ ക്ഷണിച്ചതനുസരിച് പാർവതി ,ഗണപതി ,സുബ്രമണ്യ സമേതനായ ശിവൻ തന്റെ വാഹനമായ കാളപ്പുറത് കൈലാസത്തിൽ നിന്ന് തെക്കോട്ടു വന്നത്രെ .ഇന്ന് വടക്കുംനാഥ ക്ഷേത്രം നിൽക്കുന്ന സ്ഥലത്തു വച്ച കാള നിന്നുവെന്നും ആ സ്ഥലത് ശിവൻ പാർക്കാൻ തീരുമാനിച്ചു എന്നും ഐതിഹ്യമുണ്ട് .ശിവന്റെ കല (വൃഷഭം ) നിന്ന സ്ഥലമാകയാൽ വിഷഭദ്ന്നാപുരം എന്നും ,ശിവന്റ വാസസ്ഥലമാകയാൽ തെക്കൻ കൈലാസം അന്നും പേരുണ്ടായി .ത്രിപുരമാകയാൽ തൃശ്ശിവപേരൂർ എന്ന പേര് വന്നു എന്നുമാണ് കേരളോത്പത്തിയിൽ പറയുന്ന കഥ .

# 25

# പാലക്കാട്



അകനാന്നൂർ,പുറനാന്നൂർ,ചിലപ്പ
തികാരം,മണിമേഖല എന്നി
സംഘ കാലകൃതികളിൽ



പാലക്കാടിനെ കുറിച്ച് പരാമര്ശങ്ങൽ  ഉണ്ട്.കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് .പശ്ചിമഘട്ടത്തിലെ പ്രദാന കവാടം വാളയാർ ചുരയാണ് .പാലക്കാട് കോട്ട  മലപുഴ സൈലന്റ് വാലി എന്നിവയാണ് പ്രദാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ.കേരളത്തിന്റെ നെല്ലറ എന്നറിയപ്പെടുന്ന ചൂട് പൊതുവെ കൂടുതലാണ് സൈലന്റ് വാലിയിൽ നിന്നും ഉത്ഭവിക്കുന്ന

കുന്തി പുഴ പാക്കട്ടുകൂടി ഒഴുകുന്നു .പാലക്കാട് ച്ചുരത്തിന്റെ വടക്കു ഭാഗത്ത് വാലയർമാല നിറകുളും വടക്കുഭാഗത്ത് നെല്ലിയാംപതിയുമാണ്

പാലക്കാട് കോട്ട പാലക്കാട് ജില്ലയെ തമിഴ് നാട്ടിലെ കോയമ്പത്തൂർ ജില്ലയുമായി ബന്ധിപ്പിക്കുന്ന ർ൧ കി മി വീതിയുള്ള സമതല പ്രദേശമാണ്.പാലക്കാടൻ ഭാഷാ സങ്കര ഭാഷയാണ് തെലുങ്ക് മാതൃഭാഷയായ നെയ്ത്തുകാർ ചിറ്റൂർ  പ്രദേശത്തുണ്ട്

കേരളത്തിൽപാലക്കാട് ജില്ലയിൽ പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യുന്ന ദേശീയോദ്യാനമാണ് സൈലന്റ് വാലി .ഇവിടുത്ത വനങ്ങളിൽ ചീവീട് സൃഷ്ട്ടിക്കുന്ന ശബ്ദം ഇല്ലാത്തതു കൊണ്ടാണ് ഈ പേര് ലഭിച്ചത് സിംഹവാലൻ കുരങ്ങു എവിടെ ദാരാളമായി കാണപ്പെടുന്നു

# മലപ്പുറം


മലപ്പുറം ജില്ല നിലവിൽ വന്നത് 1969 ജൂണ് പതിനാറിനാണ് .ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ള അജില്ലയാണ് .കേരളത്തിലെ പ്രശസ്തമായ ആയുർ വേദ



ചികത്സ കേന്ദ്രം കോട്ടക്കൽ മലപ്പുറത്താണ്.p.s.വാര്യരാണ് ഈ കേന്ദ്രം തുടങ്ങിയത് .നിലമ്പൂരുള്ള തേക്കിൻ തോട്ടം പ്രശസ്തമാണ് .കേരളത്തിലെ മക്ക എന്നറിയപ്പെടുന്ന പ്രദേശമാണ് പൊന്നാനി .ഭാരതപ്പുതപുഴ കടലുണ്ടി പുഴ ചാലിയാർ എന്നിവ ഈ ജില്ലയിലൂടെ ഒഴുകുന്നു.എഴുത്തച്ഛന്റെ ജന്മ സ്ഥലമായ തുച്ഛൻ പറമ്പ്,വാഗൻ ട്രാജെടി, നാവാമുകുന്ദ ക്ഷേത്രം,ആദ്യൻ പറ,വെള്ളച്ചാട്ടം എന്നിവ പ്രദാന സ്ഥലങ്ങളാണ്

മലപ്പുറം ജില്ലയിലാണ് കോഴിക്കോട് അന്തർ ദേശീയ വിമാനത്താവളം.കാലിക്കറ്റ് അന്തർ ദേശീയ വിമാന ത്താവളത്തിന്റെ ആസ്ഥാനം മലപ്പുറമാണ്






# കോഴിക്കോട്

സാമൂതിരിയുടെ നാട് ,രുചിയുടെ നാട് ഇശലുകളുടെ നാട് എന്നിങ്ങനെ അറിയപ്പെടുന്നു മിട്ടായി തെരുവ് മാനച്ചിറ സ്‌കെയർ ബേപ്പൂർ തുര്മുഖം താമരശ്ശേരി ചുരം , തുഷാര ഗിരി കക്കയം എന്നിവയാണ് പ്രധാന ആകർഷക കേന്ദ്രങ്ങൾ തൊണ്ണൂറ്റി അഞ്ച് ശതമാനമാണ് സാക്ഷരതാ



.ആയിരത്തിമുന്നൂറ്റി പതിനെട്ട് ചാ . കി മി ആണ് വിസ്തീർണം നെടിയിരുപ്പ് സ്വറൂം എന്ന അറിയപ്പെടുന്ന കോഴിക്കോട്

,കൊയിലാണ്ടി ,വടകര താമരശ്ശേരി എന്നിവയാണ് പ്രധാന താലൂക്കകൾ .ചെമ്മണ്ണ് ഇരുമ്പ് നിക്ഷേപങ്ങൾ കൂടുതലാണ് .ഇന്ത്യയിലെ ആദ്യ വിശപ്പുരഹിത നഗരമദ്യത്ത വനിതാ പോലീസ് സ്റ്റേഷൻ

തിരൂർ തുഞ്ചൻ പറമ്പ്

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം .പയ്യോളി സ്പ്രസ്സ് ഉഷയുടെ ജന്മ ദേശം

തെക്കൻ ജില്ലകളിൽ നിന്നും വ്യത്യസ്തമായ ജീവിത ശൈലി മുസ്ലിം സംസ്കാരത്തിന്റെ സ്വാധീനം ,മലയാളത്തിൽ അറബ് ഭാഷയുടെ കലർപ്പ് ആനന്ദ മഠം ആര്യ സമാജം സിദ്ധാസമാജം ആത്മ വിദ്യാസംഘം എന്നിവ ഇവിടെ വേരോടിയിട്ടുണ്ട് .വടക്കൻ പാട്ടിന്റയും തിറയാട്ടത്തിനത്തെയും മാപ്പിളപ്പാട്ടിന്റെയു നാടാണ്

# വയനാട്

കേരത്തിലെ പന്ത്രണ്ടാമത് ജില്ലായായി ആയിരത്തി തൊള്ളായിരത്തി നവംബർ ഒന്നിന് പൂപം കൊണ്ട് ഏറ്റവും ജനസംഖ്യ കുറവുള്ള ജില്ലാ .കബനി നതീയാണ് പ്രധാന നദി .കർണാടകം തമിഴ്നാട്



എന്നി സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന വയനാട്ടിലെ എടക്കൽ ഗുഹയിൽ നവീന ശിലാ യുഗത്തിന്റെ തെളിവുകൾ കാണാം .അമ്പുകുത്തി ഗുഹയിലുള്ള ചുവര്ചിത്രങ്ങളും ശിലാലിഖിതങ്ങളും ഇതിന് തെളിവാണ്

വയനാട് വയലുകൾടെ നാടണ് .ഒരു



കാലത്ത് മായക്ഷേത്ര എന്നറിയപ്പെടുന്ന മൊത്തം ഭൂവിഭാഗത്തിന്റെ മുപ്പത് ശതമാനമാണ് വനം .മാമാന്തവാടി സുൽത്താൻ ബത്തേരി വൈത്തിരി എന്നിവയാണ് താലൂക്കുകൾ .

# കണ്ണൂർ

ആയിരത്തിത്തൊള്ളായിരത്തി അൻപത്തിഏഴ് ജനുവരി ഒന്നിന് കണ്ണൂർ ജില്ലാ രൂപീകൃതമായി സ്ത്രീ പുരുഷ അനുപാതം ഏറ്റവും കൂടിയ ജില്ല .ഏറ്റവു കൂടുതൽ കശുവണ്ടി ഉല്പാദിപ്പിക്കുന്ന ജില്ലാ .ഇന്ത്യയിൽ പ്രാഥമിക വിദ്യാഭ്യാസം നൂറു ശതമാനം നേടിയ ജില്ല. ടോളമിയുടെ കൃതികളിൽ നൗറ എന്ന് പരാമർശിക്കുന്നത് കണ്ണൂരിനെയാണ് നദികളുടെയും നിരകളുടെയും നാടാണ് കണ്ണൂർ .കണ്ണൂർസെൻട്രൽ ജയിലാണ് ആദ്യ ജയിൽ മ്യൂസിയം ഉപ്പു സത്യാഗ്രഹണത്തെ മുഖ്യ വേദിയായിരുന്നു പയ്യന്നൂർ .കേരളഗാന്ധി എന്നറിയപ്പെടുന്ന കെ കേളപ്പൻ .രണ്ടാം ബാർദോളി എന്നും പയ്യന്നൂർ അറിയപ്പെടുന്നു



ആദ്യ ബേക്കറി സ്ഥാപിതമായത് തലശ്ശേരിയിലാണ് .ആദ്യ ക്രിക്കറ്റ് മത്സരം നടന്നത് തലശ്ശേരിയിലാണ് സർക്കസ് ,ക്രിക്കറ്റ് ,കോക്ക് എന്നിങ്ങനെ മൂന്ന് സി കളുടെ നാടൻ തലശ്ശേരി .കേരളത്തിന്റെ പാരിസ് എന്നാണ് തലശ്ശേരി അറിയപ്പെടുന്നത് രാജ്യസമാചാരം പ്രസിദ്ധീകരിച്ചത് എവിടെ



നിന്നാണ് .വടക്കേ അറ്റത്തുള്ള വന്യ ജീവി സങ്കേതമാണ് ആറളം പറശ്ശിനികഅടവ് പാമ്പ് വളർത്തൽ കേന്ദ്രം മുത്തപ്പൻ ക്ഷേത്രം എന്നിവ പ്രസിദ്ധമാണ് .

കണ്ണൂരിലെ ഏറ്റവും വലിയ നദിയാണ് വളപട്ടണം .ഈ നദിയുടെ തീരത്താണ് കൊട്ടിയയോർ ക്ഷേത്രം .കേരത്തിലെ ഏറ്റവും നീളം കൂടിയ ബീച്ചാണ് മുഴപ്പിലങ്ങാട്

# കാസർഗോഡ്

കേരളത്തിന്റെ ഏറ്റവും വടക്റ്റർ അറ്റത്തുള്ള ജില്ലയാണ് കാസർഗോഡ് .കിഴക്ക് പശ്ചിമഘട്ടം ,പടിഞ്ഞാർ അറബിക്കടക്കടൽ .മലയാളത്തിന് പുറമെ തുളു കന്നഡ ബ്യാരി മറാത്തി കൊങ്കിണി ഉറുദു എന്നി ഭാഷകൾ സംസാരിക്കുന്നു .മഞ്ചേശ്വരം ,കാസർഗോഡ് ഹൊസ്ദുർഗ് വെള്ളരിക്കുണ്ട് എന്നി നാല് താലൂക്കുകൾ ചേർന്നതാണ് ഒൻപതതാം നൂറ്റാണ്ടിനും പതിനാലാം നൂറ്റാണ്ടിനും ഇടയിൽ എവിടെ സന്ദർപത്തനംതിട്ടയിലേ സാഹിത്യകാരന്മാർ

അറബികൾ ഹര്ക വില്ല എന്നാണ് ഈ പ്രദേശത്തെ വിശേഷിപ്പിച്ചത് .വിജയനഗരം കാസർഗോഡ് ആക്രമിച്ചപ്പോൾ കോലത്തിരി രാജാവിന്റെ രാജ വംശത്തിന്റെ ഭരണമായിരുന്നു .അല്ലടാ സ്വരൂപം എന്നായിരുന്നു നീലേശ്വരം രാജ്യത്തിന്റെ പേര് ഇവിടെയുള്ള ഏറ്റവും പ്രാചീനമായ ക്ഷേത്രമാണ് കിണാവൂർ .കുമ്പള ചന്ദ്രഗിരി ബേക്കൽ എന്നി കോട്ടകൾ ശിവപ്പനായകർ നിർമ്മിച്ചതാണെന്ന് കരുതുന്നു ശ്രീരംഗം പട്ടണം സന്ധി അനുസരിച്ച തുളുനാട് ഒഴികയുള്ള പ്രദേശങ്ങൾ ബ്രിടീഷുകാർ കീശടക്കി .

ബേക്കൽ കോട്ട



ബഹു ഭാഷ പ്രദേശമാണ് കാസഗോഡ് വലുതും ചെറുത്തുമായി ധാരാളം കോട്ടകൾ ഇവിടെയുണ്ട്. ബേക്കൽ ചന്ദ്രഗിരി ഹൊസ്ദുർഗ് കോട്ടകൾ ചരിത്ര പ്രസിദ്ധമാണ് .ഏറ്റവും കൂടുതൽ നദികൾ ഉള്ള ജില്ലയാണ് കാസഗോഡ് നൂറ്റി അഞ്ച് കിലോമീറ്ററർ ദൂരമുള്ള ചന്ദ്രഗിരി പുഴയാണ് ഏറ്റവും വലുത്. ചന്ദ്ര ഗുപ്തമൗര്യൻ കൊട്ടാരം വിട്ട് ജൈന സന്യാസിയായി അവസാന നാളുകൾ  ചിലവഴിച്ചത്  ഈ നദിയുടെ തീരത്താണ് .രണ്ടാം സ്ഥാന കാരംകോട് പുഴക്കാന്നു തേജസ്വീനി പുഴ എന്നും ഇതറിയപ്പെടുന്നു  .

36

# ' അമ്മ '



എന്നെന്നുമെൻസ്‌മരണയിൽ നിൽക്കും
ഒളിമങ്ങാതൊരുനക്ഷത്രം
കനവിലും ,നിനവിലും ,ഊണിലും

ഏറെ വൈകി ഉറങ്ങിയും
ഏറെമുൻപേഉണർന്നും
കൂലിവാങ്ങാതെ സമയം നോക്കാതെ
ഞങ്ങക്കായി ജീവിച്ച എന്നമ്മ .

മിനി.എസ്

പുലരികളിൽ ,സന്ധ്യകളിൽ
നാമസംഗീർത്തനങ്ങളിൽ
ഉരുകുമെന്നമ്മയുടെ തേങ്ങലുകൾ ഞാൻകേട്ടു
വിശുദ്ധിയുടെ പരിവേഷമായി മൺമറഞ്ഞ
നന്മയുടെ പ്രതിരൂപമാണ് എന്നമ്മ

തല്പത്തിന് പകുതി പങ്കിട്ടും
ഉപദദേശത്താൽ  രാവുകൾ പകലുകൾ
കെടാതിരിയായി ജീവിതയാത്രയിൽ
തിളങ്ങി  അടങ്ങിയ എന്നമ്മ .

വഴി കണ്ണുമായിരാവിലെകളിൽ
വഴിവിളക്കായി സന്ധ്യകളിലും
നിറദീപമായി രാത്രികളിലും
എരിഞ്ഞണഞ്ഞ  എന്നമ്മ .

പറയുവാൻ വാക്കുകളില്ല എന്നാകിലും
പാട്ടുവാൻ നാവു പോരെന്നാലും
വാഴ്ത്തുവാൻ ഞാൻ ആളല്ലെന്നാലും
സ്മരണയിൽ എന്നും എന്നമ്മ .

# നന്ദി

ലിറ്റിൽ കൈറ്റ്സ് ഇനിറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സഹകരിച്ച എല്ലാ സുമനസ്സുകൾക്കും നന്ദി .

ലിറ്റിൽ കൈറ്റ്സ് 2020